# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2329 — 18.02.2016 -ൽ മറുപടിക്ക്

## താൽകാലിക ജീവനക്കാരുടെ വേതനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. കെ. സദാശിവൻ : | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിൽ ദേശീയ ആരോഗ്യ പദ്ധതിയിൽ താൽകാലികമായി ജോലിചെയ്തുവരുന്ന പബ്ലിക് റിലേഷൻസ് ഓഫീസർമാർ അടക്കമുള്ള ജീവനക്കാരുടെ പ്രതിമാസ വേതനം ഉയർത്തണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ സർവ്വീസിലെ സീനിയോറിട്ടി, തസ്തിക, വിദ്യാഭ്യാസ യോഗ്യത എന്നിവയ്ക്കനുസൃതമായി ശമ്പളം പരിഷ്കരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ; | (ബി) | പബ്ലിക് റിലേഷൻസ് ഓഫീസർമാർ ഉൾപ്പെടെയുള്ള എൻ.എച്ച്.എം. ജീവനക്കാർ നിലവിൽ വാങ്ങിക്കൊണ്ടിരിക്കുന്ന പ്രതിമാസ വേതനം 15000 രൂപയ്ക്ക് താഴെ ആണെങ്കിൽ 15% വും 15001 മുതൽ 25000 വരെ ആണെങ്കിൽ 10% വും 25001 -ന മുകളിൽ ആണെങ്കിൽ 5% വും ശമ്പളം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ഈ വർഷം കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്. |
| (സി) | പ്രസ്തുത ജീവനക്കാരുടെ ജോലിസ്ഥിരത ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കാമോ ? | (സി) | നാഷണൽ ഹെൽത്ത് മിഷൻ 2017 വരെയുള്ള ഒരു ആരോഗ്യ ദൗത്യമാണ്. ആയതിനാൽ കരാർ അടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമിക്കുന്നത്. മേൽ സാഹചര്യത്തിൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ